compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2022 നവംബർ 08
**Tuesday, 08th November 2022**

1198 തുലാം 22
**22nd Thulam 1198**

1944 കാർത്തികം 17
**17th Karthika 1944**

വാല്യം 11
**Vol. XI**

നമ്പർ
**No.** **45**

## Part I

# FOREST AND WILDLIFE DEPARTMENT

©
കേരള സർക്കാർ
GOVERNMENT OF KERALA
2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ചന്ദന വെള്ള ബ്രിക്കറ്റ്സിനെ ചന്ദന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തി ഫോറസ്റ്റ് കോഡ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.52/2022/F&WLD തിരുവനന്തപുരം,തീയതി 03/11/2022.

---

പരാമർശം :- 1) 31/12/2021 ലെ സ. ഉ. (എം. എസ്) നം. 51/2016/വനം നമ്പർ ഉത്തരവ്.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഫോറസ്റ്റ് മാനേജ്മെന്റ്) 15.01.2022,10.10.2022 എന്നീ തീയതികളിലെ പ്രൊ(5)-4633/16 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള ഫോറസ്റ്റ് കോഡ് Volume III Appendix VI - ലെ ഖണ്ഡിക 28 പ്രകാരം ചന്ദന തടിയെ 14 ആയി തരംതിരിച്ചിട്ടുണ്ട്. പരാമർശത്തിലെ ഉത്തരവ് പ്രകാരം ചന്ദനവെള്ള ചിപ്സിനെ കൂടി കേരള ഫോറസ്റ്റ് കോഡ് Volume III Appendix VI - ലെ നിലവിലുള്ള ചന്ദന ക്ലാസിഫിക്കേഷനൊപ്പം 15-ാമതായി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്.

2. ചന്ദന വെള്ള ചിപ്സ്, ആയുർവ്വേദ മരുന്നു നിർമ്മാണ ആവശ്യത്തിനായി കോട്ടയ്ക്കൽ ആര്യവൈദ്യശാല, ഔഷധി പോലുള്ള മരുന്നു നിർമ്മാണ കമ്പനികൾക്ക് വിലയ്ക്ക് നല്കിയശേഷവും ധാരാളമായി കെട്ടിക്കിടക്കാൻ സാധ്യതയുണ്ടെന്നും ഇവ രണ്ട് വർഷത്തിനുള്ളിൽ വിറ്റഴിച്ചില്ലായെങ്കിൽ, ചിതൽ പിടിച്ചും കറുപ്പ് നിറം വ്യാപിച്ചും അവ നശിച്ചു പോകുവാനിടയുള്ള സാഹചര്യം ഉള്ളതുകൊണ്ട് ഇപ്രകാരം കെട്ടിക്കിടക്കുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചന്ദന വെള്ള ചിപ്സ് ചെറുതാക്കിയും ചന്ദനതൈലം വാറ്റിയതിന് ശേഷം അവശേഷിക്കുന്ന പൊടി /അറക്കപ്പൊടി എന്നിവ പോലുള്ള വസ്തുക്കളും ഉപയോഗിച്ച് യന്ത്ര സഹായത്തോടെ മൂല്യവർദ്ധിത ഉത്പന്നമായ ചന്ദനവെള്ള ചിപ്സ് ബ്രിക്കറ്റ്സ് ആക്കി തരം മാറ്റി ഇ ഓക്ഷനിൽ വില്പന നടത്തുകയാണെങ്കിൽ ആയത് പൊതുജനങ്ങൾക്കിടയിൽ വൻ സ്വീകാര്യത ലഭിക്കുന്നതിനും സർക്കാരിന്റെ റവന്യൂ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുമെന്നും ആയതിനാൽ കേരള ഫോറസ്റ്റ് കോഡ് വാല്യം III അനുബന്ധം VI-ലെ ഖണ്ഡിക 28-ൽ 16-ാമതായി ചന്ദനവെള്ള ചിപ്സ് ബ്രിക്കറ്റ്സിനെ ചന്ദന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) പരാമർശിത കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫോറസ്റ്റ് കോഡ് വാല്യം III അനുബന്ധം VI -ലെ ഖണ്ഡിക 28-ൽ 16-ാമതായി ചന്ദനവെള്ള ചിപ്സ് ബ്രിക്കറ്റ്സിനെ കൂടി ഉൾപ്പെടുത്തി ഫോറസ്റ്റ് കോഡ് വാല്യം III ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഉദയകുമാർ എ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ), കേരള,തിരുവനന്തപുരം.
നിയമവകുപ്പ് *(08/07/2022 ലെ D2/57/2022/Law നമ്പർ റിമാർക്സ് പ്രകാരം)*.
എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും/ഡിവിഷണൽ ഫോറസ്റ്റ് കൺസർവേറ്റർക്കും(PCCF & HoFF മുഖേന).
വെബ്ബ് ആന്റ് ന്യൂ മീഡിയ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2022.11.08 02:36:37 +05:30